പാണ്ടിക്കുടി–ചെല്ലാനം റോഡ്

*൪൦൬. (൭൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കുടി–ചെല്ലാനം റോഡു നിർമ്മിക്കുവാനുള്ള പദ്ധതി എന്നാണു് തയ്യാറാക്കിയതു്;

(ബി) ഈ റോഡിന്റെ പണിയിൽ എത്ര പുരോഗതി ഇതേവരെ ഉണ്ടായിട്ടുണ്ടു്;

(സി) എത്ര സംഖ്യയാണു് ഈ റോഡിന്റെ പൂർത്തീകരണത്തിനു് ആവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളതു്;

(ഡി) യാതൊരു ഗതാഗതസൗകര്യവുമില്ലാതെ കഷ്ടപ്പെടുന്ന തീരദേശവാസികളുടെ ആവശ്യാർത്ഥം പാണ്ടിക്കുടി–ചെല്ലാനം റോഡു പള്ളിത്തോടുവഴി മനക്കോടം അഴിവരെ വെട്ടി മെറ്റൽചെയ്ത വാഹനയാത്രയ്ക്കു സൗകര്യപ്രദമാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ടു് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്;

(ഇ) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തു നടപടിയെടുത്തു?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) ഉൺ൪൭.

(ബി) റോഡിനു വേണ്ട കുറെ സ്ഥലങ്ങൾ പൊന്നുംവിലക്കു് എടുത്തിട്ടുണ്ടു്.

(സി) ഉൺ൪൯-ലെ തിട്ടപ്പെടുത്തിയ എസ്റ്റിമേറനുസരിച്ചു് ൬,൯൫,൦൦൦ രൂപായാളമാകും.

(ഡി) രണ്ടു്.

(ഇ) ഈ പണി കഴിയുന്നതും വേഗത്തിൽ തുടങ്ങുന്നതിനു വേണ്ട എല്പാടുകളും ചെയ്തുവരുന്നുണ്ടു്.

ടാൻസ്റ്റോട്ടു് അഥാറിറ്റി

*൪൦൯. (൭൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ടാൻസ്റ്റോട്ടുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്റ്റോട്ടു് അഥാറിറ്റി എന്നാണു് സംഘടിപ്പിച്ചതു്;

(ബി) അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) അവരുടെ പ്രവർത്തനം എന്തെല്ലാമാണു്;

(ഡി) നാളിതുവരെ എത്ര അഥാറിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ടു്;

(ഇ) സഞ്ചാരപ്പടി മുതലായ ഇനങ്ങളിലായി എത്ര സംഖ്യ ഈ അഥാറിറ്റിയുടെ പ്രവർത്തനത്തിനു് ഇതുവരെ ചിലവായിട്ടുണ്ടു്?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) വ—ന— ഉൺ൧൦/൫൧—൭— ഉ൫൫൧.

(ബി) ഉ. ഇൻസ്പെക്ടർ ജനറൽ ഓഫു് പോലീസു്.
൫. ഡയർക്ടർ ഓഫു് ടാൻസ്റ്റോട്ടു്.
ന. ചീഫു് എഞ്ചിനീയർ, പി. ഡബ്ലിയു. ഡി.
൪. ശ്രീ. പി. കുഞ്ഞുകൃഷ്ണൻ, എം. എൽ. എ.
൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ, എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly